171

04/10/11 1064

# കേരള സർക്കാർ

## സംഗ്രഹം

ന്യൂനപക്ഷ ക്ഷേമം - മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപന്റ് വിതരണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ച സൂപ്പർവൈസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലെ നിയമന അധികാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർക്ക് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

സ.ഉ.(കൈ)നം. 283/2011/പൊഭവ തിരുവനന്തപുരം, തീയതി: 29/09/2011

---

പരാമർശം:- 1) 03/10/2009-ലെ സ.ഉ.(കൈ)നം. 226/2009/പൊഭവ.
2) 01/01/2011-ലെ സ.ഉ.(പി)നം. 2/2011/പൊഭവ.
3) 14/01/2011-ലെ സ.ഉ.(പി)നം. 18/2011/പൊഭവ.
4) 28/07/2011-ലെ സ.ഉ.(കൈ)നം. 241/2011/പൊഭവ.

## ഉത്തരവ്

ബിരുദ / ബിരുദാനന്തര / പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപന്റ് വിതരണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിന് ഒരു സൂപ്പർവൈസർ, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പരാമർശം ഒന്ന് പ്രകാരം സൃഷ്ടിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ഓപ്പൺ മാർക്കറ്റിൽ നിന്നും നിയമനം നടത്തുവാനാണ് ഉത്തരവായത്.

2. പരാമർശം രണ്ട് പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകൃതമായ സാഹചര്യത്തിൽ മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപന്റ് വിതരണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിന് പരാമർശം ഒന്ന് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ച സൂപ്പർവൈസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലെ നിയമന അധികാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽനിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർക്ക് കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

കെ. ആർ. ജ്യോതിലാൽ,
സെക്രട്ടറി,

ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്, അദ്ധ്യാപക ഭവൻ ലെയിൻ, തിരുവനന്തപുരം.
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് (അനക്സ്), സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.

ഉത്തരവിൻപ്രകാരം,